MR. A. K. PILLAI (*Karunagapalli*) : I want to know whether the committee is to find ways and means to increase the revenue of the State, or to find means for both.

PRESIDENT: For both.

MR. A. K. PILLAI (*Karunagapalli*) : Are we to have a committee for suggesting means for increasing the salary of teachers ?

PRESIDENT: Government accept the principle of increasing the salary of teachers.

MR. C. P. KOCHUKUNJU PILLAI (*Kottarakara* cum *Kunnattur*) : May I know the function of the committee that is going to be appointed by the Government. Is it to examine the question of improving the pay and prospects of Vernacular School teachers or—

PRESIDENT: That is accepted in principle.

MR. A. K. PILLAI (*Karunagapalli*): That is not the point, Sir. I want to know whether this point will be included in the terms of reference of the Committee.

PRESIDENT: Firstly, the Government have accepted the principle of yesterday's resolution. Secondly, as that will involve extra-cost, they have decided to appoint a committee on which non-official Members will be represented to discover ways and means for meeting the extra-cost, and thirdly, as a necessary corollary from both, they will have to decide how much they are going to pay these teachers.

MR. P. K. NARAYANA PILLAI (*Ambalapuzha*) : What the Government have undertaken goes much further than the resolution.

PRESIDENT: Yes, it goes further than that.

MR. C. P. KOCHUKUNJU PILLAI (*Kottarakara* cum *Kunnattur*) : I am not moving it.

The following resolution was not moved and was therefore deemed to have been withdrawn :—

Improvement of Pay and Prospects of Vernacular School Teachers.

MR. C. P. KOCHUKUNJU PILLAI :

This Council recommends to the Government that a committee of official and non-official members of the Council be appointed to examine the question of improving the pay and prospects of the Vernacular School teachers.

Committee on Unemployment.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*) : Sir, I beg to move the following resolution :—

This Council recommends to the Government that, in view of the increase in the number of the unemployed in the State, a committee be appointed to enquire into and report on measures to remedy the evil.

ഈ രാജ്യത്തു തൊഴിലില്ലാത്തവരുടെ സംഖ്യ ഓരോദിവസവും വർദ്ധിച്ചുവരുന്ന സംഗതിയിൽ അഭിപ്രായവ്യത്യാസത്തിന് അവകാശമു

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

ണ്ടെന്നു തോന്നുന്നില്ല. ഇങ്ങിനെ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതു രാജ്യത്തിന് ഒരിക്കലും ക്ഷേമകരമായിട്ടുള്ളതല്ല. അതിലേയ്ക്കു പരിഹാരമുണ്ടാക്കേണ്ട മാർഗ്ഗങ്ങളെപ്പറ്റി പലരും പലവിധമായ അഭിപ്രായങ്ങളും പറഞ്ഞുവരികയും ചെയ്യുന്നു. ഈ അഭിപ്രായഗതികളെ വേണ്ടപോലെ വിമർശിച്ച് അതിലേയ്ക്ക് അനുരൂപമായ ഒരു പദ്ധതിയെ രൂപീകരിച്ച നിശ്ചയിക്കുന്നതിനു ഗവർണ്മെൻറു തയ്യാറാവാതേയും കഴിഞ്ഞുകൂടുന്നു. തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുന്നതിനുള്ള ഓരോ കാരണങ്ങളേയും പരിഹാരമാർഗ്ഗങ്ങളേയുംപറ്റി പറയുമ്പോൾ അതിലേയ്ക്കുള്ള ചുമതലക്കാർ ഓരോ സമാധാനങ്ങൾ പറഞ്ഞ് ഒഴിഞ്ഞുനില്ക്കയാണു ചെയ്യുന്നത്. ഈ സംഗതിയിൽ ആക്ഷേപം ചുമതലയില്ലാതെയും ചുമതല വഹിയ്ക്കാതെയും ഇരിക്കുന്നിടത്തോളംകാലം രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരുവാനെ തരമുള്ളൂ.

ഈ സംഗതിയിൽ ഗവർണ്മെൻറു സ്വീകരിച്ചുപോരുന്ന നയം എന്താണെന്ന് ആദ്യമായി നോക്കാം. മറ്റു പരിഷ്കൃതരാജ്യങ്ങളോടൊപ്പം നമ്മുടെ രാജ്യവും പരിഷ്കാരത്തെ പ്രാപിക്കണമെന്നു ഗവർണ്മെൻറ് ആഗ്രഹിക്കുന്നു. അതിൽ ആക്ഷേപം ആക്ഷേപിക്കാവുന്നതല്ല. പരിഷ്കാരം വർദ്ധിച്ചുവരുന്നതോതനുസരിച്ചു രാജ്യത്തിൽ ചിലവു വർദ്ധിച്ചുവരാതെ തരമില്ല. അങ്ങിനെവരുമ്പോൾ അതിലേയ്ക്കുള്ള ചിലവുകളെ താങ്ങിനിൽക്കുന്നതിന് അനുരൂപമായവിധം രാജ്യത്തിൻെറ വരവുകളേ വർദ്ധിപ്പിക്കാതെയും തരമില്ലാ. അതിലേയ്ക്കുള്ള ബദ്ധപ്പാടിൽ ജനങ്ങളുടെ ധനാദായസ്ഥിതിയെപ്പറ്റി അറിയാതേയും അറിയാൻ ശ്രമിക്കാതെയും അവരുടെനികുതിഭാരങ്ങളെ വർദ്ധിപ്പിച്ചുകൊണ്ടിരിയ്ക്കുന്നു. ഇങ്ങിനെ അനേകകാലമായി ഗവർണ്മെൻറു തുടർന്നുവരുന്ന ഈ ഭരണനയത്തിൻെറ ഫലമായിത്തീർന്നിട്ടുള്ളതു ജനങ്ങളുടെ ധനാദായസ്ഥിതി കുറഞ്ഞുവരികയും ഉള്ള തൊഴിലുകളിൽ പ്രവേശിക്കാൻ അവർക്കു തരമില്ലാതാവുകയും ആ കാരണത്താൽ തൊഴിലില്ലാത്തവരുടെ സംഖ്യ വർദ്ധിച്ചുവരികയുമാണ്.

രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യയേ കുറയ്ക്കുന്നതിനുദ്ദേശിയ്ക്കുന്നതായ പലേ ഡിപ്പാർട്ടുമെൻറുകളുടേയും സ്ഥിതി പരിശോധിയ്ക്കുന്നതായാൽ അവിടെയും ഇശ്വാഭംഗമാണ് മുമ്പിട്ടുനിൽക്കുന്നതു്. ഇവിടത്തെ ജനങ്ങളുടെ പ്രധാനതൊഴിൽ കൃഷിയാണ്. ഈ രാജ്യത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

ദേശകാലാവസ്ഥകൾ കൃഷിത്തൊഴിലിന് ഏറ്റവും യോജിയ്ക്കുന്നതുമാണ്. കൃഷിയെ അഭിവൃദ്ധിയിൽ കൊണ്ടുവരുന്നതിനുള്ള ചുമതല വഹിച്ചു പോരുന്നതു കൃഷിഡിപ്പാർട്ടുമെൻറാണ്. അവരുടെ ഉപദേശങ്ങൾപ്രകാരം പ്രവൃത്തിക്കുന്നപക്ഷം കൃഷിത്തൊഴിൽ അഭിവൃദ്ധിയിൽ വരുമെന്നുള്ളസംഗതി ഞാൻ പൂർണ്ണമായി സമ്മതിക്കുന്നു. കൃഷിഡിപ്പാർട്ടുമെൻറിലെ ഉപദേശങ്ങളെ അനുകരിച്ചു ജനങ്ങൾ പ്രവൃത്തിക്കണമെങ്കിൽ Irrigation, Forest, Co-operation, Land Revenue, Industries, ഈ ഡിപ്പാർട്ടുമെൻറുകളുടെ സഹായസഹകരണങ്ങൾ ഒഴിച്ചുകൂടുവാൻ പാടുള്ളതല്ല. ഈ ഡിപ്പാർട്ടുമെൻറുകാർ യോജിച്ചും, ആലോചിച്ചും സഹകരിച്ചും ജനങ്ങൾക്കു പ്രയോജനമുണ്ടാവാൻ ഇന്നത്തെ സ്ഥിതികളിൽ ഒരിക്കലും സാധിക്കുന്നതല്ല. രാജ്യത്തിൽ കൃഷിയുടെ വിസ്താരത്തെ വർദ്ധിപ്പിക്കുന്നതിനും, ആ വഴിയിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനും, ഗവർണ്മെൻറിൽനിന്നും അനേകകാലമായി ജനങ്ങൾക്കു വേണ്ടപോലെ ഭൂമികൾ പതിച്ചുകൊടുത്തുവരുന്നു. ഇങ്ങിനെ ഭൂമികൾ പതിച്ചുവാങ്ങീട്ടുള്ളവരിൽ പലരും അതിൽനിന്നും തടി, വിറക്, മുതലായവ മുറിച്ചെടുത്തിട്ട് ആ ഭൂമിയിൽ യാതൊരു കൃഷിയും ചെയ്യാതെ മരുഭൂമികളാക്കി ഇട്ടിരിക്കയാണു ചെയ്യുന്നതു്. ഇതിനുള്ള കാരണങ്ങൾ എന്താണെന്നു് അന്വേഷിക്കയൊ, കൃഷിക്കു പ്രതിബന്ധങ്ങളായി നില്ക്കുന്നവയെ കണ്ടുപിടിച്ചു പരിഹരിക്കയൊ ചെയ്യുന്നതിനു് ഇതുവരെ ആരുംതന്നെ തെയ്യാറായിട്ടുള്ളതായി അറിയുന്നില്ല. ഈ രാജ്യത്തു് ഓരോദിവസവും ജനസംഖ്യ വർദ്ധിച്ചുവരുന്നു. ഇപ്പോൾ അവർ കുടിപാർത്തുവരുന്ന പലേ സ്ഥലങ്ങളിലും ജനബാഹുല്യത്താൽ കൃഷിസ്ഥലങ്ങൾകിട്ടാതെ വിഷമാവസ്ഥയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു. ഇവരുടെ ആവശ്യങ്ങൾ അറിഞ്ഞും അനുസരിച്ചും ഒഴിച്ചിടപ്പെട്ട വനങ്ങളിലും ഒഴിച്ചിടപ്പെടാത്തവനങ്ങളിലും നിന്നു ഭൂമികൾ കൊടുക്കുന്നതിനു വേണ്ടപോലെ അവകരുതി വയ്ക്കേണ്ടതായിരിക്കുന്നു. ഈ ഭരണതത്വത്തെ ഗണ്യമാക്കാതെ കുറെ കാലങ്ങളായി തോന്നിയമാതിരി വിദേശീയർക്കു ഭൂമികൾ പതിച്ചുകൊടുക്കാനുള്ള അതിയായ താല്പര്യം കണ്ടുവരുന്നതിൻറെ ഫലം അടുത്തകാലങ്ങളിൽതന്നെ രാജ്യവും അതിലെ ജനങ്ങളും അനുഭവിക്കേണ്ടതായി വരുമെന്നുള്ളതു് സംശയമില്ലാത്തതാണു. തല്ക്കാലം ആവശ്യങ്ങൾ നിർവ്വഹിക്കാനായി ഇത്തരം വഴികളിൽ രാജ്യത്തിലെ വരവിനെ വർദ്ധിപ്പിക്കുന്ന നയം ദിവസേന പൊൻമുട്ട ഇടുന്ന താറാവിനെ കൊന്നു് ആദായമെടുക്കാനുള്ള ശ്രമം പോലെ ആയിത്തീരുന്നതാണു്. രാജ്യത്തി

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

ൽനടക്കുന്ന ഇത്തരം ഭരണനയങ്ങളുടെ ഫലം അനുഭവിച്ചുകൊള്ളുകയല്ലാതെ അതിനെപ്പറ്റി ജനങ്ങൾക്കു ചോദിക്കാൻ സൌകര്യമില്ല. അവരുടെ പ്രതിപുരുഷന്മാർക്ക് അവകാശമില്ല. ഗവർണ്മെൻറും അവരുടെ ഉദ്യോഗസ്ഥന്മാരും നടത്തുന്ന ഏഴുത്തുകുത്തുകൾ രഹസ്യങ്ങളാണ്. ഗവർണ്മെൻറും ജനങ്ങളും സഹകരിച്ചു പ്രവൃത്തിക്കാത്ത ഈ സ്ഥിതികൾ രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ അപരിമിതമായി വർദ്ധിപ്പിക്കയല്ലാതെ എന്തു നിവൃത്തിയാണുള്ളതെന്നറിയുന്നില്ല.

ജനങ്ങൾക്കു തൊഴിലുകളുണ്ടാക്കി കൊടുക്കുന്നതിനു വ്യവസായ ഡിപ്പാർട്ടുമെൻറു വേണ്ടപോലെ സഹായിക്കുമെന്നാണ് ജനങ്ങൾ കരുതിപ്പോരുന്നത്. ജനങ്ങളുടെ തൊഴിലില്ലായ്മയെപ്പറ്റിയൊ, ഇവിടത്തെ വ്യവസായങ്ങളെപ്പറ്റിയൊ പറയുമ്പോൾ ആ ഡിപ്പാർട്ടുമെൻറിൽ നിന്നും ചെയ്തിട്ടുള്ള പലെ കായ്ങ്ങൾക്കും ദീർഘമായ ഒരു പട്ടിക തയ്യാറാക്കി പ്രസംഗിക്കുന്നു. അതോടുകൂടി ബോറിംഗ് യന്ത്രം, മരച്ചീനി കണ്ടിക്കാനുള്ള യന്ത്രം ഇവ നടപ്പിൽവരുത്തിയിരിക്കുന്നതായും പറയുന്നു. പോരെങ്കിൽ പുറമെയുള്ള വ്യവസായ ഡിപ്പാർട്ടുമെൻറുകളുമായി താരതമ്യപ്പെടുത്തിനോക്കാനായി പറയുന്നു. വ്യവസായ ഡിപ്പാർട്ടുമെൻറിനു പറ്റുന്ന പ്രമാദങ്ങളെപ്പറ്റി ചോദ്യപ്പെടുമ്പോൾ അതു് ആ ഡിപ്പാർട്ടുമെൻറിനു സ്വയസിദ്ധമായ ഒരു ഗുണമാണെന്നും സമാധാനം പറഞ്ഞു ഒഴിയുന്നു.

രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യവർദ്ധിക്കുന്നതിനു ഇന്നത്തെ വിദ്യാഭ്യാസം വേണ്ടപോലെ സഹായിക്കുന്നുണ്ടെന്നു ഭൂരിപക്ഷം ആളുകളും വാദിക്കുന്നു. ഈ വാദമുഖങ്ങളെ വിദ്യാഭ്യാസഡയറക്ടർ ശക്തിയോടുകൂടി എതിർക്കയാണ് ചെയ്തിട്ടുള്ളതു്. ഈ രാജ്യത്തു വിദ്യാഭ്യാസത്തിനു് ആവശ്യമുള്ള എല്ലാസ്ഥലങ്ങളിലും അവ സ്ഥാപിച്ചിട്ടുണ്ടെന്നും അവിടെ വന്നു ചേരുന്ന ബാലന്മാരെ അവിടെ നിശ്ചയിച്ചിട്ടുള്ള പാഠപദ്ധതികളിൽ പഠിപ്പിച്ചു് അയയ്ക്കേണ്ട ജോലിമാത്രമെ അവർക്കുള്ളു എന്നും ജനങ്ങൾക്കു തൊഴിലുണ്ടാക്കികൊടുക്കേണ്ടകാര്യത്തെപ്പറ്റി അവർക്ക് അപേക്ഷിക്കേണ്ട ആവശ്യമില്ലെന്നും വിദ്യാഭ്യാസഡയറക്ടർ വാദിച്ച സമാധാനപ്പെടുന്നു. ഇതിനും പുറമെ നാട്ടുഭാഷാവിദ്യാലയങ്ങളിൽ 8-ാം ക്ലാസ്സുമുതൽക്കുള്ള ക്ലാസ്സുകളിൽ എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെൻറിൽ നിന്നും ആരെയും ക്ഷണിക്കുന്നില്ലെന്നും അവർ സ്വയമേവ വന്നുപഠിച്ചുപോകുന്നവർക്കു തൊഴിലില്ലാതെവരുന്നതിനു് അവർ ഉത്തരവാദികളല്ലെന്നുംകൂടി

LIBRARY ARCHIVES Kerala Legislative Assembly

പറയുന്നു. ഈ അഭിപ്രായത്തെ സ്വീകരിക്കുന്നതിനും അതിനെ ബഹുമാനിക്കുന്നതിനും ഈ രാജ്യത്തു് അധികമാളുകൾ ഉണ്ടായിരിക്കുമെന്നതോന്നുന്നില്ല.

ഈ രാജ്യത്തു് ഇപ്പോൾ ജനങ്ങൾക്കു കിട്ടിവരുന്ന വിദ്യാഭ്യാസത്തെയും അതിന്റെ ഫലമായി തൊഴിലില്ലാത്തവരുടെ സംഖ്യവർദ്ധിച്ചുവരുവാനുള്ള സൌകര്യങ്ങളെയുംപറ്റി ഈ അവസരത്തിൽ രണ്ടു വാക്കുപറയേണ്ടതായിരിക്കുന്നു. ഫാമിൻ-ലെ രാജ്യഭരണ റിപ്പോർട്ടിൻ പ്രകാരം ഈ രാജ്യത്തു് ൪,൦൦൦ വിദ്യാലയങ്ങളും അതിൽ ൪൯ ലക്ഷത്തോളം വിദ്യാർത്ഥികളും പഠിച്ചുവന്നിരുന്നതായികാണാം. ഇംഗ്ലീഷുപള്ളിക്കൂടങ്ങളിൽ ൪൫,൪൩൮ വിദ്യാർത്ഥികൾ പഠിച്ചുവന്നതിൽ കാളേജു ക്ലാസ്സുകളിൽ ൨,൨൬൨-ം, സ്കൂൾഫൈനൽ ക്ലാസിൽ ൩,൩൬൫-ം വിദ്യാർത്ഥികൾ ഉണ്ടായിരുന്നതായികാണാം. നാട്ടുഭാഷാവിദ്യാലയങ്ങളിലെ ൭-ാം ക്ലാസിൽ ൭,൪൫൩ വിദ്യാർത്ഥികൾ പഠിച്ചുവന്നിരുന്നതായും കാണാം. ഇതിൽ ൨൫ ശതമാനം വിദ്യാർത്ഥികൾ ഓരോ വർഷവും പരീക്ഷാവിജയികളായി തീരുമെന്നു വിചാരിക്കുന്നപക്ഷം കാളെജു ക്ലാസ്സുകളിൽ നിന്നും ഉൽകൃഷ്ടപരീക്ഷാവിജയികളായി ൪൬൦-തോളവും, സ്കൂൾഫൈനൽ പരീക്ഷാവിജയികളായി ൯൨൦-തോളവും, സ്കൂൾലീവിംഗ് പരീക്ഷാവിജയികളായി ൧,൯൦൦-ത്തോളവും ഇങ്ങിനെ എല്ലാമായി ൩,൩൯൦-ഓളം വിദ്യാർത്ഥികൾ പരീക്ഷാവിജയികളായി വിദ്യാലയങ്ങളിൽ നിന്നും പുറത്തിറങ്ങുന്നതാണ്. ഇതിനും പുറമേ പരീക്ഷാവിജയികളല്ലാതെ സ്കൂൾകെട്ടിടങ്ങളിൽ നിന്നും ഇറങ്ങുന്നവരുടെ സംഖ്യ ഒരു ഭീമമായ തുകയായിരിക്കുന്നതുമാണ്. ഇന്നു ജനങ്ങൾക്കു കിട്ടിവരുന്ന വിദ്യാഭ്യാസത്തിൽ പരീക്ഷാവിജയികൾക്കു പ്രധാന ഉപജീവനമാർഗ്ഗമായി നിൽക്കുന്നതു സർക്കാർ ഉദ്യോഗങ്ങളാണ്. ഇവിടത്തെ സർക്കാർ ഉദ്യോഗങ്ങളുടെ ആകെ തുക നോക്കുന്നതായാൽ ഈ പരീക്ഷാവിജയികളിൽ ഒരു ലക്ഷവായ അംശത്തിനുപോലും ഉദ്യോഗങ്ങൾ കൊടുക്കാൻ ഗവർണ്മെൻറിനു സാധിക്കാതെ വരുമെന്നുള്ളതു് ആരും സമ്മതിക്കുന്നതാണ്. ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ദുഷ്ടോഷങ്ങളെപ്പറ്റി ഈ കൌൺസിലിൽ വച്ചു നടന്നവാദപ്രതിവാദങ്ങളിൽ അന്നത്തെ വിദ്യാഭ്യാസഡയറക്ടർ ഇങ്ങിനെ സമാധാനം പറഞ്ഞിരിക്കുന്നു.

"These pupils come from the class of agriculturists, farmers, barbers, etc. Asked whether the education they receive in the Vernacular schools will be of any good to them, Sir, I say it will be of the utmost good to them, and that the farmer will farm better and, if I may coin a word, the barber will "barb" better for the education that they receive in our schools".

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

ഇവിടത്തെ വിദ്യാഭ്യാസ ഡയറക്ടർ ഇങ്ങിനെ പറഞ്ഞു എങ്കിലും അതിന്റെ വാസ്തവം എങ്ങിനെ നിൽക്കുന്നു എന്നാണ് ഇനി നോക്കേണ്ടതു്. ഓരോ ജാതിക്കാക്കും അവരവരുടെ വിദ്യാഭ്യാസയോഗ്യതകൾ അനുസരിച്ച് ഉദ്യോഗങ്ങൾ വേണമെന്നു് അവർ ഗവർണ്മെൻറിനോട് അപേക്ഷിക്കുന്നു. അതിനെ ഗവർണ്മെൻറ് സ്വീകരിക്കുന്നു. പരീക്ഷാവിജയിയായ ക്ഷുരകനൊ, കച്ചവടക്കാരനൊ, നെയ്ത്തുകാരനൊ, ജാതി നോക്കി ഉദ്യോഗങ്ങൾ കൊടുക്കാൻ അവരുടെ ഉദ്യോഗസ്ഥന്മാരോട് ആജ്ഞാപിക്കയും ഉദ്യോഗങ്ങൾ കൊടുപ്പിക്കയും ചെയ്യുന്നു. വിദ്യാഭ്യാസഡയറക്ടരുടെ സമയോചിതമായ പ്രസംഗത്തിനും, ഓരോ ജാതിയിലും ഉൾപ്പെട്ട ജനസംഖ്യകണക്കിനു ഉദ്യോഗങ്ങൾ വേണമെന്നുള്ള തത്വത്തിനും അതിനു അനുരൂപമായ ഗവർണ്മെൻറിന്റെ പ്രവൃത്തിക്കും തമ്മിൽ എന്തുയോജിപ്പാണുള്ളതെന്നറിയുന്നില്ല. വിദ്യാഭ്യാസഡയറക്ടരുടെ വാദങ്ങൾക്കുതന്നെ എത്രത്തോളം ശക്തിയുണ്ടെന്നും അയതു് എത്രത്തോളം സാധിച്ചു കിട്ടുമെന്നും പരിശോധിക്കാം.

ഈ രാജ്യത്തുള്ള പലേ തൊഴിലുകളിലും പ്രവേശിച്ചിട്ടുള്ളവരുടെ കൂട്ടികളിൽ എത്രപേർ ഇന്നത്തെ വിദ്യാഭ്യാസത്തിനു് ഇറങ്ങീട്ടുണ്ടെന്നുള്ള കണക്കാണ് ഇനി നോക്കേണ്ടതു്.

Agriculturists and land holders	2,43,587
Merchants and traders	53,731
Barbers	3,156
Washermen	2,147
Fishermen	5,982
Toddy drawers and distillers	4,007
Oilmongers	1,350
Stone workers	1,769
Carpenters and sawyers	7,106
Weavers	4,880
Coir-yarn makers	5,277
Goldsmiths	2,796
Blacksmiths	2,355

ഇങ്ങിനെ പലെ തൊഴിൽകാരുടെയും അസംഖ്യം കൂട്ടികൾ വിദ്യാഭ്യാസം ചെയ്യുവരുന്നു. ഇവരിൽ പരീക്ഷാവിജയികളായ ചെറുപ്പക്കാർ അവരവരുടെ തൊഴിലുകളിൽ പ്രവേശിക്കുമെങ്കിൽ ആ തൊഴിലുകളെ ബുദ്ധിപൂർവ്വം നടത്താൻ അവക്കു സാധിക്കുമെന്നുള്ളതിനു സംശയമില്ലാത്തതാണ്. ഒരു സ്കൂൾ ഫൈനൽ പരീക്ഷാവിജയിയൊ അതല്ലാ ഒരു സ്കൂൾ ലീവിംഗ് പരീക്ഷാവിജയിയൊ ആയിരുന്നാൽ പോലും കൃഷിക്കു

LIBRARY ARCHIVES Kerala Legislative Assembly

അത്യാവശ്യമായ മൺവെട്ടി എടുത്തു വേലചെയ്യുന്നതിനൊ ഒരു ക്ഷുരകന്റെ വേലചെയ്യുന്നതിനൊ തെയ്യാറുള്ളതായ ദൃഷ്ടാന്തങ്ങൾ എനിക്കറിവാൻ ഇടയായിട്ടില്ലാ. എന്നു മാത്രമല്ലാ ഇന്നത്തെ വിദ്യാഭ്യാസം കഴിഞ്ഞു സ്കൂൾകെട്ടിടങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവരെ കൊണ്ടു പേനയെടുത്തുവേല ചെയ്യാനല്ലാതെ അവരവരുടെ തൊഴിലുകളിൽ പ്രവേശിച്ചു വേലചെയ്യാൻ അവരുടെ ആരോഗ്യസ്ഥിതി അനുവദിക്കാതേയുമാണ് കണ്ടു വരുന്നതു്. ഇവിടെ ഏറ്റവും പ്രചാരത്തിൽ ഇരുന്നതായ നൂൽനൂൽപു, ഇന്നത്തെ കട്ടി മൽമലിനു കിടനിൽക്കുന്നതായും ഗുണം ക്രുടിയതുമായ കൂളച്ചൽമുണ്ടു, കായംകുളത്തു പ്രസിദ്ധി നേടീട്ടുള്ള ഇരിമ്പു വേലകൾ, മുതലായ പലെ വ്യവസായങ്ങളും നാമാവശേഷമായിതീരാനിടയായി. അതുപോലെ തന്നെ ആറന്മുള കണ്ണാടി, വാഴപ്പള്ളിയിൽ ഓട്ടുപാത്രങ്ങൾ, ഇരണിയലും കോട്ടാറും ഉണ്ടാക്കുന്ന വിശേഷമാതിരിയിലുള്ള കസവുവേലകൾ മുതലായ പലെ വ്യവസായങ്ങളും അപരിമിതമായ ക്ഷയത്തെ പ്രാപിച്ചുവരികയും ചെയ്യുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഉൾനാടുകളിൽ ഉള്ളതായ വ്യവസായങ്ങൾ—

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*) : എന്റെ പ്രസംഗം തീർന്നതിൽ പിന്നീടു ചോദ്യങ്ങൾ ചോദിക്കാൻ നിശ്ചയിക്കയും ഉത്തരം പറയാൻ പ്രസിഡൻറു അനുവദിക്കയും ചെയ്യുന്ന പക്ഷം അതുകൾക്കു ഞാൻ ഉത്തരം പറയാം. ചോദ്യോത്തരങ്ങൾ കൊണ്ടു് എനിക്കനുവദിച്ചിട്ടുള്ള സമയത്തെ കളയാൻ ഞാൻ ആഗ്രഹിക്കുന്നില്ല.

ഇന്നത്തെ വിദ്യാഭ്യാസവും ഇന്നത്തെ വ്യവസായസ്ഥിതികളും ഇങ്ങിനെതന്നെ തുടർന്നുകൊണ്ടിരിക്കുന്ന പക്ഷം പലേ തൊഴിലുകളും ക്ഷയോന്മുഖമായി തീരുന്നതിനും തൊഴിലില്ലാത്തവരുടെ സംഖ്യ രാജ്യത്തിൽ വർദ്ധിക്കുന്നതിനും ഇടയായിത്തീരുമെന്നുള്ളതിനു സംശയമില്ലാത്തതാണ്. ആദായകരമായ തൊഴിലുകളിൽ നിന്നും പിൻമാറി ഇന്നത്തെ വിദ്യാഭ്യാസത്തിൽ പരീക്ഷാവിജയികളായിത്തീരാനും സർക്കാർ ഉദ്യോഗങ്ങളിൽ പ്രവേശിക്കാനും അവരെ പ്രേരിപ്പിക്കുന്ന സംഗതികളെ പറ്റി അന്വേഷിച്ചറിയേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ഇവിടത്തെ തൊഴിലുകളുടെ കുറവിനേയും, അതിനാൽ രാജ്യത്തിനുവന്നു ചേർന്നിട്ടുള്ള പരാശ്രയസ്ഥിതിയേയും വിസ്തരിക്കാൻ ശ്രമിക്കുന്നതിനെക്കാൾ Industrial India എന്ന മാസികയിൽ Mr. Glyn Barlow, M. A., എഴുതീട്ടുള്ള ഒരു ലേഖനത്തിന്റെ ഒരു ഭാഗം ഇവിടെ ഉദ്ധരിച്ചാൽ അതിന്റെ പരമാർത്ഥം വ്യക്തമായി ബോദ്ധ്യപ്പെടുന്നതാണു്. ആ ഭാഗം ഇങ്ങനെയാണു്.

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

"It is in the cities where crowds of educated men are gathered together, where the standard of living is far higher than in the fields, where skilled labour can be had and can be developed, and where the houses and the shops and the very streets are blatant with the productions of foreign enterprise, that enlightened citizens should be resolved to play their part--

MR. P. K. NARAYANA PILLAI (*Ambalapuzha*): May I know whether the Member is at liberty to read from newspapers?

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): It is not from a newspaper. The passage is from the Government publication *i. e.*, from State Manual, Volume III—Page 260.

MR. P. K. NARAYANA PILLAI (*Ambalapuzha*): I think this was published in papers. Let him say that it was not so.

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): I do not know anything about that, I have taken this passage from the State Manual.

"The lamp by his side was made in Germany, the chimney was made in Austria, the oil was produced in Russia and the match with which the lamp was lit was made in Sweden or in Japan. The clock that ticks on the shelf was made in America and the watch that ticks in his pocket was made at Geneva. The ink in the inkstand was made in London, the nib in the penholder was made at Birmingham and the pencil in his pocket was made in Bavaria. The broad cloth of the coat on his back was made in Yorkshire and the socks on his feet were made in Germany. The scissors with which his wife has just cut out a petticoat were made at Sheffield, if not in Germany, the cotton cloth was made at Manchester, so is the thread with which she is sewing it, while the needle was made at Birmingham and the silk of the jacket that she is wearing was made in France.....The list is in no way complete, but it is long enough for a reminder of India's dependence."

ഈ പട്ടികയോടുകൂടി ഇവിടത്തെ State Manual-ലിൽ മിസ്റ്റർ നാഗമയ്യാ വേറെ ചിലതുകൂടി കൂട്ടിചേത്തിട്ടുണ്ട്. അവ ഇങ്ങനെയാണ്.

"He might have added with grim satire that the liquor which he drinks and the cigars which he smokes, the scent which he puts on his handkerchief, the razor with which he shaves himself are all foreign-made goods."

തിരുവിതാംകൂറിനെസംബന്ധിച്ചു പറയുമ്പോൾ ഈ പട്ടികയിൽ പ്രധാനമായി രണ്ടുകൂട്ടം കാര്യങ്ങൾകൂടി ചേർക്കേണ്ടതായുണ്ടു. അതായതു ഇവിടെയുള്ള ജനങ്ങൾക്കു് ആഹാരം കഴിച്ചുകിടക്കണമെങ്കിൽ അരിയാണു, ബർമ്മ, മുതലായ വിദേശങ്ങളിൽനിന്നും അരിയും നെല്ലും വരുത്തണമെന്നും, ഈ രാജ്യത്തെ ഭരിക്കുന്നതിനു് ആവശ്യമുള്ള ചുമതലപ്പെട്ട ഉദ്യോഗങ്ങൾക്കു വിദേശിയരെ വരുത്തണമെന്നും കൂടിചേർക്കുന്നതായാൽ ഈ രാജ്യസ്ഥിതിക്കു വളരെ യോജിക്കുന്നതായിരിക്കും. ഒരു രാജ്യം ഇതിലധികം പരാശ്രയസ്ഥിതിയിൽ എത്താനുണ്ടെന്നു തോന്നുന്നില്ല.

രാജ്യത്തിൽ തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയുക്കുന്നതിനു വേണ്ട ശ്രമങ്ങൾ ചെയ്യേണ്ടതു് അത്യാവശ്യമായതിനിരിക്കുന്നു. ഇതിലേക്കു പലരുടേയും പലമാതിരിയുള്ള അഭിപ്രായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടു പ്രയോജനകരമായ പരിഹാരമാർഗ്ഗം കിട്ടുന്നതല്ല. രാജ്യക്ഷേമത്തിന് എത്രയൊ പ്രധാനമായ ഈ സംഗതിയിൽ പലെ കാര്യങ്ങളും അന്വേഷിച്ചറിയേണ്ടതായുണ്ട്,

(ക) ഈ രാജ്യത്തിലെ ജനങ്ങൾ വേലചെയ്യുണ്ടാക്കുന്ന പണം എത്തെല്ലാം വഴികളിൽ പുറമെ പോകുന്നു എന്നു കണ്ടുപിടിക്കയും അതിനെ തടുക്കാനുള്ള വഴികളെ വേണ്ടപോലെ പര്യാലോചിച്ചു നിശ്ചയിക്കയും ചെയ്യണം.

(ഖ) ഈ രാജ്യത്തുനിന്നും എന്തെല്ലാം അസംസ്കൃതസാധനങ്ങൾ എത്ര രൂപാ വിലയ്ക്ക് ആണ്ടുതോറും പുറമെപോകുന്നുഎന്നും അതുകളെ സംസ്കൃതസാധനങ്ങളാക്കി പുറമെ അയക്കാനുള്ള മാർഗ്ഗങ്ങളേതെല്ലാമെന്നും നിർദ്ദേശിച്ചു നിശ്ചയിക്കണം.

(ഗ) ഈ രാജ്യത്തിലെ ജനങ്ങളുടെ ധനാദായനിലയെ ക്രമമായി അറിയുന്നതിന് ഇക്കണോമിക്ക് സർവ്വേ നടത്തണം.

(ഘ) ഈ രാജ്യത്തു പുരാതനകാലങ്ങളിലുണ്ടായിരുന്ന തൊഴിലുകളെല്ലാം ഇപ്പോഴും ഉണ്ടൊ എന്നും, ഉണ്ടെങ്കിൽ അതുകളുടെ ഇന്നത്തെ നില എന്താണെന്നും, മുമ്പുണ്ടായിരുന്ന തൊഴിലുകളിൽ വല്ലതും നശിച്ചിട്ടുണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും, അവയെ പുനർജീവിപ്പിക്കാനുള്ള വഴികൾ എന്തെല്ലാമാണെന്നും കണ്ടുപിടിച്ചു നിശ്ചയിക്കണം.

(ങ) ഇവിടെയുള്ള തൊഴിലുകളിൽ ഏതെങ്കിലും ക്ഷയിച്ചുവരുന്നുണ്ടെങ്കിൽ അതിലേക്കുള്ള കാരണങ്ങളെ കണ്ടുപിടിച്ചു പരിഹരിക്കാനുള്ള വഴികളെ നിർദ്ദേശിക്കണം.

(ച) ഇവിടത്തെ ജനങ്ങളുടെ ധനാദായസ്ഥിതിക്കു യോജിക്കുന്നതായ തൊഴിലുകൾ എതെല്ലാമാണെന്നു കണ്ടുപിടിക്കയും അതുകളെ അഭിവൃദ്ധിയിൽ കൊണ്ടുവരുവാനുള്ള വഴികളെ നിശ്ചയിക്കയും ചെയ്യണം.

(ഛ) ഇന്നത്തെ വിദ്യാഭ്യാസരീതി തൊഴിലില്ലാത്തവരുടെ സംഖ്യയെ വർദ്ധിപ്പിക്കാൻ സഹായിക്കുന്നുണ്ടൊ എന്നും, ഉണ്ടെങ്കിൽ അതിലേക്ക് എന്താണ് ചെയ്യേണ്ടതെന്നും ആലോചിക്കണം.

(ജ) തൊഴിലില്ലാത്തവരുടെ സംഖ്യയെ കുറയ്ക്കുന്നതിനു ഗവർണ്മെൻറിൽ നിന്നും എന്തെല്ലാം ചെയ്യുവരുന്നു എന്നും മുട്ടുതലായി എന്തെല്ലാം ചെയ്യാനുണ്ടെന്നും വേണ്ടപോലെ പരിശോധിച്ചു നിശ്ചയിക്കണം. ഇങ്ങനെയുള്ള പലേ സംഗതികളെയുംപറ്റി അന്വേഷിച്ചറിഞ്ഞു വിസ്താരമായ ഒരു റിപ്പോർട്ട ഗവർണ്മെൻറിന് സമർപ്പിക്കുന്നതിന് ഉദ്യോ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. Kumara Pillai.]

ഗസ്ഥാനഉദ്യോഗസ്ഥന്മാർ അടങ്ങിയതായ ഒരു കമ്മിറ്റിയെ നിയമിക്കണമെന്നുള്ള ഈ പ്രമേയത്തെ കൌൺസിലിന്റെ പരിഗണനക്കായി ഹാജരാക്കികൊള്ളുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മുമ്പുണ്ടായിരുന്ന ഓരോ തൊഴിലുകളിലും ഇപ്പോൾ പ്രവേശിക്കുന്നതിനു തൊഴിലാളികളുടെ സന്താനങ്ങൾക്ക് എന്തെങ്കിലും തടസ്ഥമുണ്ടോ?

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): ആ കാര്യങ്ങളെപ്പറ്റി അന്വേഷിക്കാനാണ് ഒരു കമ്മിറ്റി വേണമെന്നു നിശ്ചയിച്ചതു. മുമ്പുണ്ടായിരുന്ന തൊഴിലുകൾ ആദായകരങ്ങളല്ലെന്നു പലരും മനസ്സിലാക്കിയിട്ടാണ് ഗവർമ്മെൻറുദ്യോഗത്തിനായി ശ്രമിച്ചുവരുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഓരോ കാര്യങ്ങൾക്കായി പ്രത്യേകം പ്രത്യേകം കമ്മിറ്റികളെ ഏർപ്പെടുത്തുന്നതായാൽ കമ്മിറ്റികൾ വർദ്ധിക്കയും, തന്നിമിത്തം പണച്ചിലവും ജനങ്ങൾക്ക് ഉപദ്രവവും ഉണ്ടാകയില്ലേ?

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): ആ കാര്യത്തെപ്പറ്റി എന്റെ പ്രസംഗത്തിൽ വിവരിച്ചിട്ടുണ്ടു്. വ്യവസായങ്ങളിൽ ഉപദേശിക്കാൻ ശരിയായ ആളില്ലാത്തതുകൊണ്ടാണ് തൊഴിലുകൾ നശിക്കാൻ കാരണമായതു്. അതിനെ പരിഹരിക്കാൻ ഒരു കമ്മറ്റി ഏർപ്പെടുത്തുന്നതുകൊണ്ടു ജനങ്ങൾക്കു യാതൊരുപദ്രവവും വരാനില്ല. അതിനെ സംബന്ധിച്ചുണ്ടാകുന്ന പണച്ചിലവു ഒരു ദുർവ്യയമായി മറ്റാരും ഗണിക്കുമെന്നു ഞാൻ വിചാരിക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ആദായകരമായ തൊഴിലിനെ നിർദ്ദേശിക്കാനും തൊഴിൽ ചെയ്യാൻ മനസ്സില്ലാത്തവരെ നിയമപ്രകാരം തൊഴിൽ ചെയ്യിക്കാനും സാധിക്കുന്നതാണോ?

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): അതിനെപ്പറ്റി പറയേണ്ട ആവശ്യമില്ലാത്തതാണ്. എന്നിരുന്നാലും എന്റെ സ്നേഹിതന്റെ അറിവിലേക്കായി എന്റെ സ്വന്തം അറിവിലുള്ള ഒരു കാര്യത്തെ പറയാം. എന്റെ താമസസ്ഥലത്തു്, നാലഞ്ചു ദിവസത്തിനുമുമ്പെ ഒരു കൊല്ലനും അയാളുടെ മകനും വന്നിരുന്നു. കൊല്ലനോടു ചോദിച്ചതിൽ അയാൾക്കു ഒരു വയസ്സായി എന്നും അയാൾ കൊല്ലവേലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ദിവസം ഒന്നരരൂപാ സമ്പാദിക്കുന്നുണ്ടെന്നും പറഞ്ഞു. മകൻ ൪-ാം ഫാറംവരെ പഠിച്ചിട്ടുണ്ടു. അവന് ഒരു ഗവർമ്മെൻറുദ്യോഗം ഉണ്ടാക്കിക്കൊടുക്കണമെന്നുള്ള അപേക്ഷയും കൊണ്ടാണ് അയാൾ വന്നിട്ടുള്ളത്. സ്വന്തം തൊഴിൽ ഉപേക്ഷിക്കാനുള്ള കാരണത്തെപ്പറ്റി ചോദിച്ചതിൽ, അതിലേക്ക് അയാളുടെ മകനു ദേഹശക്തിയില്ലെന്നാണു സമാധാനം പറഞ്ഞതു്. അതു കൊണ്ടു ഗവർമ്മെൻറുദ്യോഗം വല്ലതും ഉണ്ടാക്കിക്കൊടുക്കണമെന്നു പറയുകയുണ്ടായി. സ്വന്തതൊഴിലിൽ നല്ല ആദായം കിട്ടുമെന്ന് അനുഭവം കൊണ്ടു ബോദ്ധ്യമുണ്ടായിരുന്നിട്ടും ഗവർമ്മെൻറുദ്യോഗത്തിനായി ശ്രമിക്കയാണു ചെയ്തിട്ടുള്ളതു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): സാധാരണയായി തന്റെ തൊഴിൽ ഉപേക്ഷിച്ചു ഗവർമ്മെൻറുദ്യോഗത്തിൽ പ്രവേശിച്ചു് അതിൽനിന്നും പിരിഞ്ഞതിൽപിന്നെ സ്വന്തംതൊഴിലിൽ പ്രവേശിച്ചു് അതിൽ നല്ല ആദായം ലഭിച്ചവരുന്ന ആളുകൾ ഉണ്ടെന്നു മിസ്റ്റർ കുമാരപിള്ളയ്ക്കറിയാമൊ?

MR. T. KUMARA PILLAI (*Kalkulam* cum *Vilavankod*): ഇങ്ങനെ ഒരു ചോദ്യം വരുമെന്നു അറിഞ്ഞിരുന്നില്ല. അതിനാൽ അതിലേക്ക് ഉത്തരം പറയാൻ ഉദ്ദേശിക്കുന്നില്ല.

PRESIDENT: We shall now adjourn till half-past eleven to-morrow morning.

The Council adjourned at 5-5 P. M.

T. P. RAMASUBBA AIYAR,
Secretary to the Legislative Council.

LIBRARY ARCHIVES Kerala Legislative Assembly